● **ഖുർആൻ ആശയ വിവരണം**

**കെ പി സകരിയ്യ**

# ‘അവനെ പിടിക്കൂ, ബന്ധനസ്ഥനാക്കൂ’

**(അധ്യായം 69 ●അൽഹാഖ്ഖ)**

وَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِشِمَالِهِۦ فَيَقُولُ يَٰلَيْتَنِى لَمْ
أُوتَ كِتَٰبِيَهْ ٢٥ وَلَمْ أَدْرِ مَا حِسَابِيَهْ ٢٦
يَٰلَيْتَهَا كَانَتِ ٱلْقَاضِيَةَ ٢٧ مَآ أَغْنَىٰ عَنِّى
مَالِيَهْ ٢٨ هَلَكَ عَنِّى سُلْطَٰنِيَهْ ٢٩ خُذُوهُ
فَغُلُّوهُ ٣٠ ثُمَّ ٱلْجَحِيمَ صَلُّوهُ ٣١ ثُمَّ فِى سِلْسِلَةٍ
ذَرْعُهَا سَبْعُونَ ذِرَاعًا فَٱسْلُكُوهُ ٣٢ إِنَّهُۥ كَانَ
لَا يُؤْمِنُ بِٱللَّهِ ٱلْعَظِيمِ ٣٣ وَلَا يَحُضُّ عَلَىٰ طَعَامِ
ٱلْمِسْكِينِ ٣٤ فَلَيْسَ لَهُ ٱلْيَوْمَ هَٰهُنَا حَمِيمٌ ٣٥
وَلَا طَعَامٌ إِلَّا مِنْ غِسْلِينٍ ٣٦ لَا يَأْكُلُهُۥٓ إِلَّا
ٱلْخَٰطِـُٔونَ ٣٧

(25) എന്നാൽ കർമത്തിന്റെ കണക്കുപുസ്തകം ഇടതു കൈയ്യിൽ നൽകപ്പെട്ടവർ അന്ന് വിലപിക്കും. ‘കഷ്ടം! എന്റെ പുസ്തകം എനിക്ക് ഒരിക്കലും കിട്ടാതിരുന്നെങ്കിൽ!’

(26) എന്റെ ഈ കർമത്തിന്റെ കണക്ക് ഞാൻ അറിയാതിരുന്നെങ്കിൽ1

(27) മരണത്തോടെ എല്ലാം അവസാനിച്ചിരുന്നെങ്കിൽ!

(28) എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ലല്ലോ!

(29) എന്റെ സ്വാധീനമെല്ലാം നഷ്ടപ്പെട്ടുപോയല്ലോ!

(30) അപ്പോൾ ദൈവകൽപനയുണ്ടാകും. അവനെ പിടിക്കൂ, ബന്ധനസ്ഥനാക്കൂ.

(31) എന്നിട്ട് അവനെ ജ്വലിക്കുന്ന നരകത്തിലെറിയൂ.

(32) പിന്നെ എഴുപത് മുഴം നീളമുള്ള ചങ്ങലയിൽ അവനെ ബന്ധിക്കൂ.

(33) മഹാപ്രഭാവനായ അല്ലാഹുവിൽ അവൻ വിശ്വസിച്ചില്ല.

(34) അഗതിക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിച്ചിരുന്നുമില്ല.

(35) അതിനാൽ ഇന്നിവിടെ അവനോടനുതാപമുള്ള ഒരു ചങ്ങാതിയുമില്ല.

(36) ചോരയും ചലവും മാത്രമാണ് അവന്റെ ആഹാരം.

(37) പാപികൾ മാത്രമേ അത് ഭുജിക്കുകയുള്ളൂ.

## പദവിശകലനം

**وأمّا من أوتي** എന്നാൽ നൽകപ്പെട്ടവർ, **كتابه** തന്റെ കർമത്തിന്റെ കണക്കുപുസ്തകം, **بشماله** തന്റെ ഇടതു കൈയ്യിൽ, **فيقول** അവൻ പറയും, **ياليتني** ഞാനായിരുന്നെങ്കിൽ, **لم أوت** കിട്ടാതെ/നൽകപ്പെടാതെ, **كتابيه** എന്റെ പുസ്തകം, **ولم أدر** ഞാൻ അറിയാതിരുന്നെങ്കിൽ, **ما حسابيه** എന്റെ വിചാരണ എന്താണെന്ന്, **يا ليتها** ഹാ അതായെങ്കിൽ നന്നായേനേ, **كانت** അതായിരുന്നെങ്കിൽ, **القاضية** കലാശിപ്പിക്കുന്നത്, മരണം വരിക്കൽ, **ما أغنى** ഉപകാരപ്പെട്ടില്ല, **عنّي** എനിക്ക്, **ماليه** എന്റെ ധനം, **هلك** നഷ്ടപ്പെട്ടു, **عنّي** എനിക്ക്, **سلطانيه** എന്റെ സ്വാധീനം, **خذوه** അവനെ പിടിക്കൂ, **فغلّوه** ബന്ധനസ്ഥനാക്കൂ, **ثم** എന്നിട്ട്, **الجحيم** ജ്വലിക്കുന്ന, **صلوه** അവനെ നരകത്തിലെറിയൂ, **ثم في سلسلة** പിന്നെ ഒരു ചങ്ങലയിൽ, **ذرعها** അതിന്റെ നീളം, **سبعون ذراعا** എഴുപത് മുഴം, **فاسلكوه** അവനെ ബന്ധിക്കൂ, **إنه كان** നിശ്ചയം അവൻ ആയിരുന്നു, **لا يؤمن** വിശ്വസിക്കാത്തവൻ, **بالله** അല്ലാഹുവിൽ, **العظيم** മഹാപ്രഭാവനായ, **ولا يحض** അവൻ പ്രേരിപ്പിച്ചിരുന്നില്ല, **على طعام** അന്നം കൊടുക്കാൻ, **المسكين** അഗതിക്ക്, **فليس له** അതിനാൽ അവനില്ല, **اليوم** ഇന്ന്, **هاهنا** ഇവിടെ, **حميم** ഒരു ചങ്ങാതിയും, **ولا طعام** ഭക്ഷണവുമില്ല, **إلا غسلين** ചോരയും ചലവുമല്ലാതെ, **لا يأكله** അതിനെ ഭുജിക്കുകയില്ല, **إلا الخاطئون** പാപികളല്ലാതെ

27-ാം സൂക്തത്തിലെ القاضية എന്ന പദത്തെപ്പറ്റി മുഖാതൽ ബിൻ സുലൈമാൻ പറയുന്നു: فيتمنّى الموت മരണം വരിച്ചെങ്കിൽ എന്നാഗ്രഹിക്കുക (തഫ്സീർ മുഖാതൽ ബിൻ സുലൈമാൻ 4:424)

2. 36-ാം വാക്യത്തിലെ غسلين എന്ന പദത്തിന് ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു വ്യാഖ്യാനം ഇപ്രകാരമാണ്.

الدم والماء الذي يسيل من لحومهم

അവരുടെ മാംസത്തിൽ നിന്ന് ഒലിച്ചുവരുന്ന ചോരയും ചലവും (ഇബ്നുജരീർ 23:240)

## ആശയം

ജീവിതലക്ഷ്യത്തെപ്പറ്റി ഒട്ടും അവബോധമില്ലാതെ ജീവിക്കുന്ന മനുഷ്യൻ അനവധി അനാവശ്യങ്ങൾ ചെയ്തുകൂട്ടുന്നു. കർമങ്ങൾക്ക് താൻ ഉത്തരം ബോധിപ്പിക്കേണ്ടിവരുമെന്ന് ബോധമില്ലാതെ ജീവിച്ച അവന്റെ സകല ചെയ്തികളും രേഖപ്പെടുത്താൻ സംവിധാനമുണ്ടെന്ന കാര്യം വിസ്മരിച്ചാണ് അവൻ ജീവിക്കുന്നത്. അധർമങ്ങളും അരുതായ്മകളും നിറഞ്ഞുനിൽക്കുന്ന തന്റെ കർമപുസ്തകം കൈയ്യിൽ കിട്ടുമ്പോഴാണ് അവൻ കണ്ണു തുറക്കുന്നത്. 'ഈ പുസ്തകം എനിക്ക് കിട്ടാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ' എന്ന് അവൻ വിലപിക്കും. താൻ ചെയ്തുകൂട്ടിയ ഈ തിന്മകളൊന്നും ഞാനറിയാതിരുന്നെങ്കിൽ എന്നവൻ ആശിക്കും. മരണം ജീവിതത്തിന്റെ പൂർണവിരാമമായിരുന്നെങ്കിൽ ഇത് കാണേണ്ടിവരില്ലായിരുന്നു. ഒട്ടേറെ പണം സമ്പാദിച്ചവനായിരുന്നു ഞാൻ. എന്നാൽ എന്റെ പണം എനിക്ക് ഒട്ടും പ്രയോജനപ്പെട്ടില്ലല്ലോ. ധാരാളം ജനപിന്തുണയുള്ളവനായിരുന്നു ഞാൻ. എന്റെ യാതൊരു സ്വാധീനവും എനിക്കിപ്പോൾ പ്രയോജനപ്പെടുന്നില്ലല്ലോ.

ഈ വിലാപങ്ങൾക്കിടയിൽ സ്രഷ്ടാവിന്റെ കൽപന വന്നുചേരുകയായി. ഇനി നീ വിലപിച്ചിട്ട് കാര്യമില്ല. മാലാഖമാരോട് അവന്റെ ആജ്ഞാപനമുണ്ടാകുന്നു. അവനെ പിടികൂടൂ. കൈകാലുകൾ ബന്ധിക്കൂ. നരകാഗ്നിയിലേക്കെടുത്തെറിയൂ. സ്രഷ്ടാവിന്റെ ശക്തിമഹാത്മ്യങ്ങളെയും രക്ഷാശിക്ഷകളെയും സംബന്ധിച്ച് ഒട്ടും ബോധമില്ലാതെ ജീവിച്ചവനാണ് അവൻ. വിശന്ന് പൊരിയുന്ന വയറുമായി തന്റെ അരികിൽ വന്നവനെ ആട്ടിയകറ്റിയവനാണ് അവൻ. ആരെങ്കിലും അത്തരം നന്മകൾ ചെയ്യുന്നുണ്ടെങ്കിൽ അതിന് ഉടക്കുണ്ടാക്കിയവനാണ് അവൻ. അതിനാൽ ഇന്ന് എല്ലാവരാലും കൈയ്യൊഴിക്കപ്പെട്ട്, ഒരാളും രക്ഷപ്പെടുത്താനോ സഹായിക്കാനോ ഇല്ല. അനുതാപം കാണിക്കാൻ പോലും ആരും കൂട്ടിനില്ല. നരകാഗ്നിയിൽ ഉരുകിയൊലിക്കുന്ന ചോരയും ചലവുമല്ലാതെ മറ്റൊന്നും ആഹരിക്കാനായി ലഭിക്കാനില്ല. പാപികളുടെ ഭോജ്യം എത്ര മ്ലേച്ഛം. പാപങ്ങളും അധർമങ്ങളും ദൂരെയെറിഞ്ഞ് മന:ശുദ്ധി വരുത്തി ജീവിക്കാൻ ശ്രമിക്കുക. അതാണ് ജീവിതത്തിന്റെ അത്യന്തിക വിജയം.

## കണക്കുപുസ്തകം റിലീസ് ചെയ്യുമ്പോൾ

വിചാരണയുടെ മുന്നോടിയായി ലഭിക്കുന്ന കണക്കുപുസ്തകത്തെപ്പറ്റി ഖുർആൻ പ്രസ്താവിക്കുന്നു.

وَوُضِعَ ٱلْكِتَٰبُ فَتَرَى ٱلْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ
وَيَقُولُونَ يَٰوَيْلَتَنَا مَالِ هَٰذَا ٱلْكِتَٰبِ لَا يُغَادِرُ صَغِيرَةً
وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ وَوَجَدُوا۟ مَا عَمِلُوا۟ حَاضِرًا ۗ وَلَا
يَظْلِمُ رَبُّكَ أَحَدًا ﴿٤٩﴾

"ജീവിതത്തിന്റെ കണക്കുപുസ്തകം അവരുടെ കയ്യിൽ കൊടുക്കും. അതിലുള്ളത് കണ്ട് പേടിച്ച് കുറ്റവാളികൾ ഇങ്ങനെ വിലപിക്കുന്നത് നിനക്ക് കാണാം. 'അയ്യോ! ഇതെന്തൊരു പുസ്തകം! ചെറുതോ വലുതോ ആയ ഒന്നും ഇതിൽ എഴുതാതെ വിട്ടിട്ടില്ലല്ലോ. അതെ, ചെയ്തതെല്ലാം അവർ മുന്നിൽ കാണും. നിന്റെ രക്ഷിതാവ് ആരോടും അനീതി കാട്ടുകയില്ല" (അൽകഹ്ഫ് 49)

എല്ലാ കാര്യവും റിക്കാർഡാക്കുന്നുണ്ട് എന്ന് സൂറ നബഇൽ പറയുന്നു:

وَكُلَّ شَىْءٍ أَحْصَيْنَٰهُ كِتَٰبًا ﴿٢٩﴾

"സകലതും നാം എഴുതി റെക്കോർഡാക്കിയിട്ടുണ്ട്" (അന്നബഅ് 29)

## ഞാൻ മണ്ണായിരുന്നെങ്കിൽ

തങ്ങളുടെ കർമഫലങ്ങൾ കൺമുമ്പിൽ കാണുന്നനേരം അവിശ്വാസിയുടെ വിലാപം ഇങ്ങനെയായിരിക്കും:

إِنَّآ أَنذَرْنَٰكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ ٱلْمَرْءُ مَا قَدَّمَتْ
يَدَاهُ وَيَقُولُ ٱلْكَافِرُ يَٰلَيْتَنِى كُنتُ تُرَٰبًۢا ﴿٤٠﴾

"ആസന്നമായ ഒരു ശിക്ഷയെക്കുറിച്ച് നിങ്ങൾക്ക് നാം മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. മനുഷ്യൻ തന്റെ കൈകൾ ചെയ്തുവെച്ചത് നോക്കിക്കാണുകയും അയ്യോ ഞാൻ മണ്ണായിപ്പോയെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് സത്യനിഷേധികൾ വിലപിക്കുകയും ചെയ്യുന്ന ദിനം." (അന്നബഅ് 40)

## സുഹൃദ്ബന്ധം തകരുന്ന നാൾ

ആരും ശുപാർശകരോ സുഹൃത്തുക്കളോ ആയി ലഭിക്കാത്ത, ഒറ്റയ്ക്ക് വിചാരണയെ നേരിടേണ്ടിവരുന്ന സന്ദർഭത്തെപ്പറ്റി ഖുർആൻ മുന്നറിയിപ്പ് നൽകുന്നു:

فَمَا لَنَا مِن شَٰفِعِينَ ﴿١٠٠﴾ وَلَا صَدِيقٍ حَمِيمٍ ﴿١٠١﴾

"ഇപ്പോൾ ഞങ്ങൾക്ക് ശുപാർശക്കാരായി ആരുമില്ല, ആത്മമിത്രങ്ങളുമില്ല." (ശുഅറാ 100,101)

فَإِذَا نُفِخَ فِى ٱلصُّورِ فَلَآ أَنسَابَ بَيْنَهُمْ يَوْمَئِذٍ وَلَا يَتَسَآءَلُونَ

"അന്ന് കാഹളം ഊതിക്കഴിഞ്ഞാൽ അവർക്കിടയിൽ കുടുംബബന്ധങ്ങളുണ്ടാകില്ല. ആരും ആരെയും അന്വേഷിക്കുകയുമില്ല" (അൽമുഅ്മിനൂൻ 101). ഓരോരുത്തർക്കും താന്താങ്ങളുടെ കാര്യം മാത്രം

لِكُلِّ ٱمْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴿٣٧﴾

"അവരിൽ ഓരോരുത്തർക്കും അന്ന് സ്വന്തം കാര്യം തന്നെ വേണ്ടുവോളമുണ്ടാകും." (അബസ 37) ●